# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3699** — **11-12-2018 ൽ മറുപടിയ്ക്ക്**

## ജനറൽ മാനേജർ തസ്തികയിലേക്കുള്ള വിദ്യാഭ്യാസ യോഗ്യത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ. കെ.ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ജനറൽ മാനേജർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിരുന്ന കെ.ടി. അദീബ് എന്നയാൾ പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട ഇന്റർവ്യൂവിൽ പങ്കെടുത്തിരുന്നോയെന്ന് വ്യക്തമാക്കുമോ ; | (എ) | ഇന്റർവ്യൂവിൽ പങ്കെടുത്തിരുന്നില്ല |
| (ബി) | ഇല്ലെങ്കിൽ പിന്നീട് രണ്ടുവർഷത്തിനുശേഷം അദ്ദേഹത്തെ പ്രസ്തുത തസ്തികയിൽ നിയമിക്കുവാനുണ്ടായ പ്രത്യേക സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ; അദ്ദേഹത്തിന്റെ നിയമനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിതനായ കമ്പനി സെക്രട്ടറി കരാർ കാലാവധി കഴിഞ്ഞ് സേവനം വിട്ടുപോവുകയും കമ്പനി സെക്രട്ടറി , ജനറൽ മാനേജർ എന്നീ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതിനെ തുടർന്ന് അഡ്മിനിസ്ട്രേഷൻ , ഫിനാൻസ് , പ്രോജക്ട് മേഖലകളിലുണ്ടായ ഭരണ പ്രതിസന്ധി ഒഴിവാക്കുന്നതിന് 16 .07 .2018 ന് ചേർന്ന 46 -ാമത് ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനറൽ മാനേജർ തസ്തിക നികത്തേണ്ട അടിയന്തരസാഹചര്യം ഉടലെടുക്കുകയും അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുകയുമാണുണ്ടായത് യോഗ്യതയുള്ളവരാരും ഇന്റർവ്യൂവിൽ പങ്കെടുക്കാതിരുന്നതിനെ തുടർന്ന് വിജ്ഞാപനപ്രകാരമുള്ള സെലക്ഷൻ നടപടികളെല്ലാം ഡയറക്ടർ ബോർഡ് അവസാനിപ്പിക്കുകയും ധനകാര്യ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന യോഗ്യതയുള്ള ഒരാളെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനായി കണ്ടെത്തുന്നതിന് ഡയറക്ടർ ബോർഡ് യോഗം ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ ശിപാർശ ചെയ്ത് നൽകിയ നിർദ്ദേശം പരിഗണിച്ച് സർക്കാർ ജനറൽ മാനേജർ തസ്തികയിലേക്കുള്ള നിയമനം നടത്തുകയുമാണുണ്ടായത് . |

| | | | |
|---|---|---|---|
| (സി) | മന്ത്രിസഭ നേരത്തെ അംഗീകരിച്ചിരുന്ന പ്രസ്തുത തസ്തികയിലേക്കുള്ള വിദ്യാഭ്യാസ യോഗ്യത പിന്നീട് മന്ത്രി തലത്തിൽ മാറ്റി നിശ്ചയിക്കുകയുണ്ടായോ ; | (സി) | ജനറൽ മാനേജർ തസ്തികയിലേക്കുള്ള വിദ്യാഭ്യാസ യോഗ്യത നേരത്തെ നിശ്ചയിച്ചത് മന്ത്രിസഭാ തീരുമാന പ്രകാരമായിരുന്നില്ല. കൂടുതൽ യോഗ്യതകൾ ഉൾപ്പെടുത്തിയത് ബഹു . മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെയാണ്. |
| (ഡി) | കെ.ടി. അദീബ് അപേക്ഷയോടൊപ്പം തന്റെ പി.ജി.ഡി.ബി.എ. യുടെ തുല്യതാ സർട്ടിഫിക്കറ്റ് നൽകിയിരുന്നോ;പ്രസ്തുത കോഴ്സ് കേരളത്തിലെ ഒരു സർവ്വകലാശാലയും അംഗീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല ; ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഇ) | പൊതുമേഖലാ സ്ഥാപനത്തിലെ ഉന്നതതല നിയമനത്തിന് ദേശീയ അംഗീകാരമുള്ള വിദഗ്ദ്ധ സമിതിയുടെ ശിപാർശ ആവശ്യമാണോ; എങ്കിൽ കെ.ടി. അദീബിന്റെ നിയമനത്തിൽ പ്രസ്തുത ചട്ടം പാലിക്കുകയുണ്ടായോ; | (ഇ) | ആവശ്യമാണ് ; ഇല്ല |
| (എഫ്) | മാതൃ സ്ഥാപനമായ സൗത്ത് ഇൻഡ്യൻ ബാങ്കിൽ നിന്നും രാജിവച്ച ശേഷമാണോ അദ്ദേഹത്തിന് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിയമനം നൽകിയതെന്നും അല്ലെങ്കിൽ മറ്റേത് വ്യവസ്ഥയിലാണ് നിയമനം നൽകിയതെന്നും വ്യക്തമാക്കുമോ ; | (എഫ്) | രാജിവച്ച ശേഷമല്ല; ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നൽകിയത് . |
| (ജി) | അംഗീകാരമില്ലാത്ത വിദ്യാഭ്യാസ യോഗ്യത വച്ച് അദ്ദേഹം നേടിയെടുത്ത ജോലിക്ക് അംഗീകാരം നൽകാനാകുമോ; ഇല്ലെങ്കിൽ അദ്ദേഹം പ്രസ്തുത ജോലിയിൽ ഇരിക്കെ കോർപ്പറേഷനിൽ നിന്ന് കൈപ്പറ്റിയ ശമ്പളം ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന് തിരിച്ചു നൽകേണ്ടതല്ലേ; അല്ലെങ്കിൽ അദ്ദേഹത്തിൽ നിന്ന് കോർപ്പറേഷൻ പ്രസ്തുത തുക തിരിച്ചു പിടിക്കേണ്ടതല്ലേ എന്ന് വ്യക്തമാക്കുമോ ? | (ജി) | ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ചിട്ടുണ്ട്. കോർപ്പറേഷന് നിലവിൽ സാമ്പത്തിക നഷ്ടം ഒന്നും ഉണ്ടായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**